| | | |
|---|---|---|
| | # പത്രക്കുറിപ്പ് | 2018<br>ജൂലൈ<br>01<br>ബുധൻ |

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് - കേരള സർക്കാർ, www.prd.kerala.gov.in


| | |
|---|---|
| ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോഴിക്കോട് | 0495 2370225, dio.prd@gmail.com |


## മന്ത്രി ടി.പി രാമകൃഷ്ണൻ 4,5 തീയതികളിൽ ജില്ലയിൽ

തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ടി.പി രാമകൃഷ്ണൻ ഈ മാസം നാല്, അഞ്ച് തീയതികളിൽ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. നാലിന് രാവിലെ ഒമ്പത് മണി സാംബവ കോളനി -പേരാമ്പ്ര, 9.30 ന് കടിയങ്ങാട്, ഉച്ചയ്ക്ക് രണ്ടിന് പേരാമ്പ്ര സ്കൂൾ, വൈകീട്ട് നാലിന് പൊൻമേരി പഞ്ചായത്ത് അംഗൻവാടി ഉദ്ഘാടനം. ആറിന് കാർഷിക വിപണന കേന്ദ്രം ഉദ്ഘാടനം- കുന്നത്ത്കര, ഒമ്പത് മണി നടുവണ്ണൂർ. ആഗസ്റ്റ് അഞ്ചിന് 12 മണി ഖാദി മേള ഉദ്ഘാടനം ചെറൂട്ടി റോഡ്, നാലിന് ഹാന്റക്സ് ഓണം ഉദ്ഘാടനം.

## രാരോത്ത് ഗവ. ഹൈസ്കൂൾ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിക്കും

കെട്ടിടം തകർന്നു വീണ രാരോത്ത് ഗവ. ഹൈസ്കൂളിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ ക്ലാസുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ജില്ലാ കലക്ടർ യു.വി ജോസിന്റെ സാന്നിധ്യത്തിൽ സ്കൂളിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. പത്താംക്ലാസുകാരുടെ ബാച്ച് രാവിലത്തെ സെക്ഷനിൽ ഉൾപ്പെടുത്താനും ഉച്ചക്ക് ശേഷം ഇവർക്ക് പ്രത്യേക ക്ലാസുകൾ നൽകാനും തീരുമാനിച്ചു.

പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് ഓണം അവധിക്കു ശേഷം ഹൈസ്കൂൾ വിഭാഗം ക്ലാസുകൾ അവിടേക്ക് മാറ്റും. സ്കൂൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റടക്കമുള്ള നടപടി ക്രമങ്ങൾ പെട്ടന്ന് പൂർത്തീകരിച്ച് കൊടുക്കാൻ ഗ്രാമ പഞ്ചായത്ത് അധികൃതർക്ക് നിർദ്ദേശം നൽകി. വ്യാഴാഴ്ച 9, 10 ക്ലാസുകളിലെ വിദ്യാർഥികൾക്ക് നിലവിലെ സമ്പ്രദായത്തിൽ രാവിലെ മുതൽ ക്ലാസുകൾ ഉണ്ടായിരിക്കുമെന്ന് പ്രധാനധ്യാപിക കെ.ഹേമലത അറിയിച്ചു. തകർന്നു വീണ കെട്ടിടത്തിന്റെ അവശിഷ്ട ഭാഗങ്ങൾ പൊളിച്ചു നീക്കിയതിന് ശേഷം മാത്രമേ മറ്റ് ക്ലാസുകൾ ആരംഭിക്കുകയുള്ളൂ. ഇതിന് പിന്നീട് അറിയിപ്പ് നൽകും. കെട്ടിടം പൊളിച്ചു നീക്കുന്നതിനുള്ള അനുമതി ജില്ലാ കലക്ടറിൽ നിന്ന് ലഭിച്ച ശേഷം വ്യാഴാഴ്ച പിടിഎയുടെ നേതൃത്വത്തിൽ അവശിഷ്ട ഭാഗങ്ങൾ നീക്കം ചെയ്യും.

ജീർണാവസ്ഥയിലുള്ള മറ്റ് മൂന്ന് കെട്ടിടങ്ങളും ജില്ലാ ഭരണകൂടത്തിന്റെ അനുമതി ലഭിച്ച ശേഷം പൊളിച്ചുനീക്കും. ഇതിനായി ജില്ലാ കലക്ടർക്ക് സ്കൂൾ അധികൃതർ അപേക്ഷ നൽകി. എൽപി, യുപി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 32 ഡിവിഷനുകളാണ് രാരോത്ത് സ്കൂളിൽ പ്രവർത്തിക്കുന്നത്. പുതിയ കെട്ടിടത്തിന്റെ

ഒന്നാം നിലയിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തി പുരോഗമിക്കുകയാണ്. കെട്ടിടം വീണതിനെ തുടർന്ന് സർക്കാർ അനുവദിച്ച ഒരു കോടി ഉപയോഗിച്ച് ഈ കെട്ടിടങ്ങൾക്ക് മുകളിലായി ക്ലാസ് മുറികൾ നിർമ്മിക്കും. മൂന്ന് തവണയായി 1.80 കോടിയാണ് ജില്ലാ പഞ്ചായത്ത് രാരോത്ത് സ്കൂളിന് അനുവദിച്ചത്.

ജില്ലാ ഭരണകൂടത്തിൽ നിന്ന് ലഭിക്കേണ്ട സഹായങ്ങൾ അടിയന്തിരമായി അനുവദിക്കാനുള്ള ശ്രമങ്ങളുണ്ടാകുമെന്ന് ജില്ലാ കലക്ടർ യു വി ജോസ് യോഗത്തിൽ അറിയിച്ചു. സ്കൂൾ നേരത്തെ വിടാനുള്ള തീരുമാനം വലിയൊരു അപകടത്തിൽ നിന്നാണ് നാടിനെ രക്ഷപ്പെടുത്തിയതെന്നും കലക്ടർ പറഞ്ഞു. കെട്ടിടം തകർന്ന് മണിക്കൂറുകൾക്കുള്ളിൽ കെട്ടിടം നിർമ്മിക്കാൻ ഒരു കോടി അനുവദിച്ച സർക്കാറിന്റെ തീരുമാനം മാതൃകാപരമാണെന്ന് യോഗത്തിൽ സംസാരിച്ച ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി പറഞ്ഞു. തുറന്ന മനസ്സോടെയുള്ള അനുഭാവപൂർവമായ സമീപനമാണ് ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്തിനുള്ളതെന്നും അദ്ദേഹം പറഞ്ഞു.

ചൊവ്വാഴ്ച വൈകിട്ട് നാലരയോടെയാണ് രാരോത്ത് ഗവ. ഹൈസ്കൂളിലെ യുപി വിഭാഗത്തിലെ മൂന്ന് ക്ലാസുകൾ പ്രവർത്തിക്കുന്ന ഓട് മേഞ്ഞ പഴയ കെട്ടിടത്തിന്റെ ഒരു ഭാഗം തകർന്നു വീണത്. രാവിലത്തെ കനത്ത മഴയെ തുടർന്ന് സ്കൂൾ നേരത്തെ വിടണമെന്ന് ഡിഡിഇ നിർദ്ദേശം നൽകിയിരുന്നു. ജില്ലാ പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ മുക്കം മുഹമ്മദ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഏലിയാമ്മ ജോർജ്, താമരശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് ഹാജറ കൊല്ലരുകണ്ടി, ജില്ലാ പഞ്ചായത്ത് അംഗം എം എ ഗഫൂർ, താമരശ്ശേരി തഹസിൽദാർ മുഹമ്മദ് റഫീഖ്, ഡിഡിഇ ഇ കെ സുരേഷ്കുമാർ, ഡിഇഒ കെ എസ് കുസുമം, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മൈമൂന ഹംസ, ബ്ലോക്ക് പഞ്ചായത്ത് അംഗം എ പി ഹുസയിൻ, വാർഡ് മെമ്പർ വസന്ത ചന്ദ്രൻ, എഇഒ എൻ.പി മുഹമ്മദ് അബ്ബാസ്, ബിപിഒ വി.എം മെഹറലി, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയർ മുഹമ്മദ് അഷ്റഫ്, പ്രധാനധ്യാപിക കെ ഹേമലത, പിടിഎ പ്രസിഡന്റ് പി.കെ സലിം, വിവിധ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

## സിവിൽ സ്റ്റേഷനിൽ കുടുംബശ്രീ കാന്റീൻ തുടങ്ങി

കലക്ടറേറ്റ് കോമ്പൗണ്ടിൽ കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള കഫേശ്രീ കാന്റീൻ തുറന്നു. ജില്ലാ കലക്ടർ യു.വി. ജോസ് കാന്റീനിന്റെ ഉദ്ഘാടനം നിർവഹിച്ചു. കുടുംബശ്രീ അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.സി. കവിത, അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരായ പി.എം. ഗിരീശൻ, ക്ഷേമ കെ തോമസ്, എം.ഇപ്രോഗ്രാം മാനേജർ റിജേഷ് വി.എസ്, വിവിധ സർവ്വീസ് സംഘടനാ നേതാക്കൾ, ഉദ്യോഗസ്ഥർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു.

ജീവനക്കാർക്കും പൊതുജനങ്ങൾക്കും മിതമായ വിലയിൽ മായമില്ലാത്ത ഭക്ഷണം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കാൻീൻ ആരംഭിച്ചിരിക്കുന്നത്. നൂറിലധികം ഓഫീസുകളിലായി 1000-ലധികം ജീവനക്കാരും നിത്യേന നിരവധി പൊതുജനങ്ങളും സന്ദർശിക്കുന്ന സിവിൽസ്റ്റേഷന് കഫേശ്രീ കാന്റീൻ പുതിയൊരനുഭവമാകും. ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയറ്റ് കെട്ടിടത്തിൽ രാവിലെ 8.30 മുതൽ വൈകീട്ട് 5 മണി വരെ കാന്റീൻ പ്രവർത്തിക്കും.

## ഓണം ബക്രീദ് ഹാന്റ്ലൂം എക്സ്പോ ഇന്ന് തുടങ്ങും

ജില്ലാ വ്യവസായ കേന്ദ്രം, ജില്ലാ കൈത്തറി വികസന സമിതി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഓണം ബക്രീദ് ഹാന്റ്ലൂം എക്സ്പോ-2018 ഇന്ന് (ആഗസ്റ്റ് 2) മുതൽ 23 വരെ ടൗൺ ഹാളിനടുത്തുള്ള കോംട്രസ്റ്റ് ഗ്രൗണ്ടിൽ നടത്തും. രാവിലെ ഒമ്പത് മണി മുതൽ രാത്രി എട്ട് മണിവരെ നടക്കുന്ന മേളയിൽ ജില്ലയിലെയും സമീപ ജില്ലകളിലെയും കൈത്തറി സംഘങ്ങളുടെ വൈവിധ്യവും പുതുമയാർന്നതുമായ കൈത്തറി ഉത്പന്നങ്ങളും കയർ കരകൗശല ഉൽപന്നങ്ങളുടെ പ്രദർശനവും വിൽപനയും ഉണ്ടാവും.

മേളയുടെ ഉദ്ഘാടനം ആഗസ്റ്റ് അഞ്ചിന് വൈകീട്ട് നാല് മണിക്ക് മേയർ തോട്ടത്തിൽ രവീന്ദ്രന്റെ അദ്ധ്യക്ഷതയിൽ തൊഴിൽ പുനരധിവാസ എക്സൈസ് വകുപ്പ് മന്ത്രി ടി.പി.രാമകൃഷ്ണൻ നിർവ്വഹിക്കും.

## നിരോധിച്ച പ്ളാസ്റ്റിക്ക് ക്യാരിബാഗുകൾ പിടിച്ചെടുത്തു

അഴിയൂർ ഗ്രാമ പഞ്ചായത്തിലെ മുക്കാളി, കുഞ്ഞിപ്പള്ളി റെയിൽവെസ്റ്റേഷൻ എന്നിവിടങ്ങളിൽ നിന്ന് നിരോധിച്ച പ്ളാസ്റ്റിക്ക് ക്യാരിബാഗുകൾ പിടിച്ചെടുത്തു. പഞ്ചായത്ത് ആരോഗ്യ വിഭാഗം നടത്തിയ പരിശോധനയിൽ വിവിധ കച്ചവടസ്ഥാപനങ്ങളിൽ നിന്ന് 5 കിലോ നിരോധിച്ച പ്ളാസ്റ്റിക്ക് ക്യാരിബാഗുകളാണ് പിടിച്ചെടുത്തത്. പഞ്ചായത്തിൽ പ്ളാസ്റ്റിക്ക് മാനേജ്മെന്റ് ബൈലൊ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കച്ചവടക്കാർക്ക് അറിയിപ്പ് നൽകിയിരുന്നെങ്കിലും ചില കടകൾ പ്ളാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പരിശോധന നടത്തിയത്. പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ ബാലൻ വയലേരി, ജിതേഷ്.വി.എം എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന നടന്നത്.

## വ്യവസായ സംരഭകർക്ക് ഇൻഷൂറൻസ് പദ്ധതിയിൽ അംഗമാവാം

വ്യവസായ സംരഭകർക്കായുള്ള ഇൻഷുറൻസ് പദ്ധതിയിൽ(100 രൂപ വാർഷിക പ്രീമിയത്തിൽ പരമാവധി 40,000 രൂപ വരെയുള്ള) അഗമാവുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനായി ഈ മാസം ഏഴിന് രാവിലെ 11 മണിക്ക് ഗാന്ധി റോഡിലുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിൽ ക്യാമ്പ് നടക്കും. 18 നും 50 ഇടയിൽ പ്രായമുള്ള മൂന്ന് സാമ്പത്തിക വർഷത്തിനുള്ളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന പ്രൊപ്രൈറ്ററി സ്ഥാപന ഉടമകളായ സംരഭകർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8089856489.

## കെൽട്രോൺ ടെലിവിഷൻ ജേർണലിസം കോഴ്സ്

കെൽട്രോൺ നോളജ് സെന്ററിൽ പി. ജി ഡിപ്ലോമ ഇൻ ടെലിവിഷൻ ജേണലിസം കോഴ്സിൽ (1 വർഷം) സീറ്റ് ഒഴിവുണ്ട്. ചാനലുകളിൽ പരിശീലനം, ഇന്റേൺഷിപ്പ്, പ്ലേസ്മെന്റ് സഹായം എന്നിവ പഠനകാലയളവിൽ നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. പ്രിന്റ്, ഓൺലൈൻ ജേർണലിസം പരിശീലനവും കോഴ്സിന്റെ ഭാഗമാണ്. 27 വയസ് കവിയാത്ത ബിരുദധാരികൾക്ക് വിദ്യഭ്യാസയോഗ്യത രേഖകളുമായി എത്തി സെപ്തംബർ 28 നകം അഡ്മിഷൻ എടുക്കാം. ഫോൺ: 9746798082, 8137969292.

## ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം

ഫുഡ് പ്രാഡക്ഷൻ ട്രയിനിംഗ് പ്രോഗ്രാം ഗസ്റ്റ് ഇൻസ്ട്രക്ടറെ തെരഞ്ഞെടുക്കുന്നതിനായി ആഗസ്റ്റ് മൂന്നിന് രാവിലെ 11 മണിക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റിൽ തത്സമയ അഭിമുഖം നടത്തും. ഹോട്ടൽ മാനേജ്മെന്റിൽ ബിരുദവും ഫുഡ് പ്രൊഡക്ഷനിൽ പ്രവൃത്തി പരിചയവും ഉള്ളവർക്ക് മുൻഗണന. താൽപ്പര്യമുള്ളവർ യോഗ്യത സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം രാവിലെ 10 മണിക്ക് ഓഫീസിൽ എത്തണം.

## അപേക്ഷ തിയ്യതി നീട്ടി

എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജിന്റെ വിവിധ ഡിപ്ലോമ-സർട്ടിഫിക്കേറ്റ് കോഴ്സുകളിലേക്ക് അപേക്ഷിക്കാനുള്ള അവസാന തിയ്യതി ഓഗസ്റ്റ് 15 വരെ നീട്ടി. ഡിപ്ലോമ കോഴ്സിന് ഒരുവർഷവും സർട്ടിഫിക്കേറ്റ് കോഴ്സിന് ആറുമാസവുമാണ് ദൈർഘ്യം. വിശദവിവരങ്ങൾക്ക്: www.kerala.src.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ 0471 2325101, 2326101.

## ഡ്രൈവർ നിയമനം

ഭക്ഷ്യസുരക്ഷ അസ്സി.കമ്മീഷണർ കാര്യാലയത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കും. ഏഴാം ക്ലാസ് യോഗ്യതയുള്ള എച്ച്.ഡി.വി ബാഡ്ജോടു കൂടിയ ലൈസൻസും 3 വർഷത്തെ പ്രവർത്തി പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ ഈ മാസം നാലിന് മൂന്ന് മണിക്ക് മുൻപായി ഓഫീസിൽ ഹാജരാകണം. ഫോൺ: 0495 2720744.

## ടെണ്ടർ ക്ഷണിച്ചു

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ ഐ.സി.ഡി.എസ് അർബൻ ഒന്ന് കാര്യാലയത്തിൽ കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് നൽകുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്ന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ലഭിക്കേണ്ട അവസാന തീയതി ആഗസറ്റ് ആറിന് ഉച്ച 12 മണി. ഫോൺ: 0495 2702523.

## ദർഘാസ് ക്ഷണിച്ചു

വെള്ളയിൽ മത്സ്യബന്ധന കേന്ദ്രത്തിലെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ ഒരു വർഷത്തേക്കുള്ള നടത്തിപ്പവകാശത്തിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് ലഭിക്കേണ്ട സമയം ആഗസ്റ്റ് 16 ന് ഉച്ചയ്ക്ക് ഒരു മണി. ഫോൺ: 0495 2765040.

## ക്വട്ടേഷൻ ക്ഷണിച്ചു

ഗവ എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എം.എഫ്.ടി ലാബിലേക്കാവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് ആറിന് ഉച്ച രണ്ടു മണി വരെ. ഫോൺ : 0495 2383220.

## സെറ്റിൽമെന്റ് പദ്ധതി

1986 മുതൽ 2017 മാർച്ച് 31 വരെ ആധാരം രജിസ്റ്ററാക്കിയതിൽ അണ്ടർവാല്വേഷൻ നടപടികൾ നേരിടുന്ന കേസുകൾ രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയിരിക്കുന്ന സെറ്റിൽമെന്റ് പദ്ധതിയിലൂടെ തീർപ്പാക്കും. രജിസ്ട്രേഷൻ ഫീസ് ഇല്ലാതെ മുദ്ര വിലയുടെ 30 ശതമാനം ഒടുക്കണം. 2019 മാർച്ച് 31 വരെ ആനുകൂല്യം പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക്- ഫോൺ: 0495-2721895.

## ദിശ: കൊയിലാണ്ടി നഗരസഭ വിദ്യാഭ്യാസ പദ്ധതി

## പ്രവർത്തന പാതയിൽ

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന നയത്തിന്റെ ഭാഗമായി കൊയിലാണ്ടി നഗരസഭ വിഭാവനം ചെയ്ത സമഗ്ര വിദ്യാഭ്യാസ പദ്ധതിയാണ് ദിശ. പദ്ധതിക്ക് 2015ൽ വായനാവാരത്തോടെ കെ ദാസന് എം.എല്.എയാണ് തുടക്കം കുറിച്ചത്. പൊതു വിദ്യാലയങ്ങളുടെ അക്കാദമിക മികവും ഭൗതികവുമായ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിലൂടെ സമൂഹത്തിന്റെ ശ്രദ്ധയും ആദരവും ഓരോ വിദ്യാലയത്തിലേക്കും ആകർഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സൂഷ്മതല ആസൂത്രണവും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തി-വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ പ്രാദേശിക ഭരണ സംവിധാനങ്ങൾ എന്നിവയുടെ കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളാണ് നഗരസഭ ഇന്നും നടത്തിവരുന്നത്.

വിദ്യാർത്ഥികളുടെ കേവലമായ വിഷയപഠനത്തിനപ്പുറം സർഗാത്മകമായ എല്ലാ കഴിവുകളും നിയന്ത്രിക്കുന്ന തരത്തിലുള്ള സമഗ്രവികസനമാണ് ദിശ ലക്ഷ്യമിടുന്നത്. ഒന്ന് മുതൽ 12 വരെ ക്ലാസുകളിൽ കുട്ടികൾ ആർജിക്കേണ്ട കണക്ക്, സയൻസ്, ഐ.ടി വിഷയങ്ങളിലെ ആശയദൃഢത, പാഠ്യേതര വിഷയങ്ങളിലെ വൈവിധ്യവും ആർജവവും, സാമൂഹ്യ രംഗത്തെ കുറിച്ചുള്ള അറിവ്, പരിസ്ഥിതി വിജ്ഞാനം, ഭാഷാജ്ഞാനം, ആശയവിനിമയ കഴിവ് എന്നിവ നേടുന്നു എന്ന് ഉറപ്പുവരുത്താനും. അന്താരാഷ്ട്ര പഠനനിലവാരം ഉയർത്തുന്നതിനുള്ള പഠനോപകരണങ്ങൾ ലഭ്യമാക്കൽ, അധ്യാപക പരിശീലനം, പാഠ്യേതര കഴിവുകൾ ഉയർത്തുന്നതിനുള്ള ഭൗതിക-മാനസിക-സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക, പുതിയൊരു കാർഷിക സംസ്കാരവും, മാലിന്യനിർമ്മാർജന സംസ്കാരവും രൂപപ്പെടുത്തുക, ലഹരി വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുക, സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനിക വൽകരിക്കുക തുടങ്ങിയവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കാൻ സാധിക്കും. കൊയിലാണ്ടി നഗരസഭ പരിധിയിൽ സർക്കാർ മേഖലയിൽ നാല് എൽപി സ്കൂളുകളും, ഒരു യുപി സ്കൂളും, എച്ച്.എസ്.എച്ച്.എസ്.എസുമാണ് ഉള്ളത്.

ദിശയുടെ ഭാഗമായി നടപ്പിലാക്കിയ ചില പ്രധാന പദ്ധതികളാണ് എന്റെ ലോകം ലഹരി രഹിതം എന്ന സന്ദേശമുയർത്തി ലഹരിവിരുദ്ധ പ്രചാരണ പദ്ധതിയായ നേർവഴി. വിദ്യാലായങ്ങളും സമൂഹവും ലഹരിവിമുക്തമാക്കാനുള്ള നേർവഴിയുടെ പ്രവർത്തനങ്ങൾ തുടരുന്നു. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ നഗരസഭ പരിധിയിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ ആരംഭിച്ച വിജയോത്സവം പദ്ധതി ഏറെ ഫലപ്രദമായി. മികവു പുലർത്തുന്ന വിദ്യാർത്ഥികളെയും ശരാശരിക്കാരെയും പിന്നോക്കം നിൽക്കുന്നവരെയും മികച്ച വിജയത്തിലേക്കെത്തിക്കുവാൻ വിജയോത്സവ പദ്ധതിക്കു കഴിയുന്നു. കൂടാതെ ഇടനേരത്ത് ഇത്തിരി ഭക്ഷണം പിഞ്ചുകുട്ടികൾക്കെത്തിക്കുവാൻ ഒരുക്കിയ പദ്ധതിയാണ് ഇടവേള ഭക്ഷണം സ്കൂളുകളിൽ നഗരസഭയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതി. വിദ്യാർത്ഥികൾക്കായി ചങ്ങാത്ത ക്യാംപും സംഘടിപ്പിച്ചു. ഗവ.ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നടത്തിയ ക്യാംപിൽ എറണാകുളം ജില്ലയിലെ പിണവൂർകുടി ഗവ.ഹൈസ്കൂളിലെ ആദിവാസി വിഭാഗത്തിൽപ്പെട്ട 25 വിദ്യാർത്ഥികളും പങ്കെടുത്തു.

## അഴിയൂരിൽ ആഗസ്ത് 15 മുതൽ ഹരിത കല്യാണം

അഴിയൂർ പഞ്ചായത്തിൽ ആഗസ്ത് 15 മുതൽ തുടക്കം കുറിക്കുന്ന ഹരിത കല്യാണത്തിന് പഞ്ചായത്തിലെ വിവിധ രാഷ്ട്രീയ പാർട്ടി, മത സാമൂഹിക സംഘടനകൾ പിന്തുണ പ്രഖ്യാപിച്ചു. ഹരിത ചട്ടം പാലിച്ച് പൂർണമായും പ്ലാസ്റ്റിക്കുകൾ കല്യാണചടങ്ങുകളിൽ നിന്ന് ഒഴിവാക്കും. ഹരിത കർമ്മ സേന

പ്രവർത്തകരുടെ സഹായത്തോടെയാണ് ഹരിത കല്യാണങ്ങൾ ആരംഭിക്കുന്നത്. ഹരിത പ്രോട്ടോക്കോൾ യൂണിറ്റുകൾ ആറ് വാർഡുകളിൽ ആരംഭിക്കുവാനും യോഗത്തിൽ തീരുമാനമായി. പഞ്ചായത്ത് പ്രസിഡണ്ട് ഇ.ടി അയൂബ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി ഷാഹുൽ ഹമീദ് പദ്ധതി വിശദീകരിച്ചു.

ജില്ലാ പഞ്ചായത്ത് മെമ്പർ എ.ടി ശ്രീധരൻ, വൈസ്പ്രസിഡണ്ട് റീന രയരോത്ത്, പി പി ശ്രീധരൻ, കെ.പി പ്രമോദ്, പി നാണുമാസ്റ്റർ, പ്രദീപ് ചോമ്പാല, കെ കെ ജയകുമാർ, കെ.അൻവർ ഹാജി, സാലിം പുനത്തിൽ, ഒ.ബാലൻ, ടി.സി.എച്ച് അബൂബക്കർ ഹാജി, പ്രകാശൻ മാസ്റ്റർ, നാണു നായർ, കെ.വി.രാജൻ, പാമ്പള്ളി ബാലകൃഷ്ണൻ, പ്രകാശൻ.പി.കെ, മഹേഷ് എൻ.പി, ഇ.അരുൺ കുമാർ എന്നിവർ സംസാരിച്ചു. ഹരിത പ്രോട്ടോകോൾ യൂണിറ്റ് ആരംഭിക്കാൻ തയ്യാറായ കുടുംബശ്രീ പ്രവർത്തകർക്ക് പഞ്ചായത്ത് ധനസഹായം നൽകും.

.....................................